**പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞ**

നിയമസഭാ സെക്രട്ടറി (ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ): സർ, 2019 ഒക്ടോബർ 21-ലെ ഉപതെരഞ്ഞെടുപ്പിൽ 114 - കോന്നി അസംബ്ലി നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ശ്രീ. കെ.യു. ജനീഷ്കുമാർ, 2001 - മഞ്ചേശ്വരം അസംബ്ലി നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ശ്രീ. എം. സി. ഖമറുദ്ദീൻ, 133 - വട്ടിയൂർക്കാവ് അസംബ്ലി നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞടുക്കപ്പെട്ട ശ്രീ. വി. കെ. പ്രശാന്ത്, 102 - അരൂർ അസംബ്ലി നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ശ്രീമതി ഷാനിമോൾ ഉസ്മാൻ, 82 - എറണാകുളം അസംബ്ലി നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ശ്രീ. ടി. ജെ. വിനോദ് എന്നിവർ സത്യപ്രതിജ്ഞയ്ക്കായി സഭയിൽ സന്നിഹിതരായിട്ടുണ്ട്.

**സത്യപ്രതിജ്ഞ അഥവാ സഗൗരവ പ്രതിജ്ഞ:**

ശ്രീ. കെ. യു. ജനീഷ്കുമാർ: കെ. യു. ജനീഷ്കുമാർ ആയ ഞാൻ നിയമസഭയിലെ ഒരംഗമായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതിനാൽ നിയമംവഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട് ഞാൻ നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും ഞാൻ ഭാരതത്തിന്റെ പരമാധികാരവും

അഖണ്ഡതയും നിലനിർത്തുമെന്നും ഞാൻ ഏറ്റെടുക്കുവാൻ പോകുന്ന കർത്തവ്യം ഞാൻ വിശ്വസ്തതയോടുകൂടി നിർവ്വഹിക്കുമെന്നും സഗൗരവം പ്രതിജ്ഞ ചെയ്യുന്നു.

ശ്രീ. എം. സി. ഖമറുദ്ദീൻ: (കന്നഡ ഭാഷയിൽ സത്യപ്രതിജ്ഞ ചെയ്തു.)

ശ്രീ. വി. കെ. പ്രശാന്ത്: വി. കെ. പ്രശാന്ത് ആയ ഞാൻ നിയമസഭയിലെ ഒരംഗമായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതിനാൽ നിയമംവഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട് ഞാൻ നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും ഞാൻ ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും നിലനിർത്തുമെന്നും ഞാൻ ഏറ്റെടുക്കുവാൻ പോകുന്ന കർത്തവ്യം ഞാൻ വിശ്വസ്തതയോടുകൂടി നിർവ്വഹിക്കുമെന്നും സഗൗരവം പ്രതിജ്ഞ ചെയ്യുന്നു.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: ഷാനിമോൾ ഉസ്മാൻ ആയ ഞാൻ നിയമസഭയിലെ ഒരംഗമായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതിനാൽ നിയമംവഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട് ഞാൻ നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും ഞാൻ ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും നിലനിർത്തുമെന്നും ഞാൻ ഏറ്റെടുക്കുവാൻ പോകുന്ന കർത്തവ്യം ഞാൻ വിശ്വസ്തതയോടുകൂടി നിർവ്വഹിക്കുമെന്നും അല്ലാഹുവിന്റെ നാമത്തിൽ

സത്യം ചെയ്യുന്നു.

ശ്രീ. ടി. ജെ. വിനോദ്: ടി. ജെ. വിനോദ് ആയ ഞാൻ നിയമസഭയിലെ ഒരംഗമായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതിനാൽ നിയമംവഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട് ഞാൻ നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും ഞാൻ ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും നിലനിർത്തുമെന്നും ഞാൻ ഏറ്റെടുക്കുവാൻ പോകുന്ന കർത്തവ്യം ഞാൻ വിശ്വസ്തതയോടുകൂടി നിർവ്വഹിക്കുമെന്നും ദൈവനാമത്തിൽ സത്യം ചെയ്യുന്നു.

(സത്യപ്രതിജ്ഞയ്ക്കുശേഷം ബഹുമാനപ്പെട്ട അംഗങ്ങൾ സ്വസ്ഥാനത്ത് ഉപവിഷ്ടരായി.)